# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3236 25/06/2012 ൽ മറുപടിക്ക്

### പി.എസ്.സി.യിലെ ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിലെ ന്യൂനത

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി.യിൽ പുതുതായി ആരംഭിച്ച ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ജനുവരി 1, 2012-മുതൽ ആരംഭിച്ച പി.എസ്.സി.യുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി വളരെ വിജയകരമായി നടപ്പിലായി വരുകയാണ്. നിലവിൽ 5,20,000-ൽ അധികം ഉദ്യോഗാത്ഥികൾ രജിസ്റ്റർ ചെയ്യുകയും ഒറ്റത്തവണ രജിസ്ട്രേഷൻ വഴി വിജ്ഞാപനം പുറപ്പെടുവിച്ച 207 വിവിധ തസ്തികകളിലായി 2,14,070 അപേക്ഷകൾ ഓൺലൈനായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാനങ്ങളിലെയും നമ്മുടെ സംസ്ഥാനത്തെയും യൂണിവേഴ്സിറ്റികളിൽനിന്നും മറ്റുള്ള സ്ഥാപനങ്ങളിൽനിന്നും നേടുന്ന അംഗീകൃത യോഗ്യതകൾ രേഖപ്പെടുത്താൻ ഓൺലൈനിൽ സംവിധാനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) നിലവിൽ നമ്മുടെ സംസ്ഥാനത്തുള്ള യൂണിവേഴ്സിറ്റികൾ നൽകുന്ന മിക്കവാറും എല്ലാ യോഗ്യതകളും പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ യൂണിവേഴ് സിറ്റികൾ അംഗീകരിച്ചിട്ടുള്ള അന്യസംസ്ഥാന യൂണിവേഴ്സിറ്റി യോഗ്യതകളും പരമാവധി ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. നിലവിൽ വിട്ടുപോയിട്ടുള്ള യോഗ്യതകൾ പി.എസ്.സി. തസ്തികകൾ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് ഉൾപ്പെടുത്തിവരികയാണ്. |
| (സി) എങ്കിൽ അവ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (സി) നിലവിൽ ഒറ്റത്തവണ രജിസ്ട്രേഷൻവഴി വിജ്ഞാപനം ചെയ്തിട്ടുള്ള എല്ലാ തസ്തികകളുടെയും യോഗ്യതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പി.എസ്.സി. വിജ്ഞാപനം നടത്തുന്ന എല്ലാ തസ്തികകളുടേയും യോഗ്യതകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു അടിയന്തിര നടപടികൾ സ്വീകരിച്ചുവരികയാണ്. യോഗ്യതയെ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ നേരിട്ടും, തപാൽ വഴിയും Call Centre, Enquiry സംവിധാനം വഴിയും നൽകുന്ന പരാതികൾ അടിയന്തിര പ്രാധാന്യത്തോടെ പരിഹരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ